# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 ആഗസ്റ്റ് 18, വെള്ളി

**നമ്പർ 87**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ:

ജില്ലാ പഞ്ചായത്തുകളുടെ കൈവശമുള്ളതും പൊതുമരാമത്ത് റോഡുകളുടെ മാനദണ്ഡം പാലിക്കുന്നതുമായ സംസ്ഥാനത്തെ പ്രധാന റോഡുകളെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ടി. എ. അഹമ്മദ് കബീർ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എം. സ്വരാജ് | തൃപ്പൂണിത്തുറയിലെ കുടിവെള്ള ക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. മുഹമ്മദ് മുഹസിൻ. പി. | പുലാമന്തോൾ-പട്ടാമ്പി റോഡ് പുനർനിർമ്മാണവും പുലാമന്തോൾപാലം ടോൾപിരിവ് നിർത്തലാക്കുന്നതും | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 3 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | നിലമ്പൂർ നഞ്ചങ്കോട് റെയിൽപ്പാത | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. കെ. ജെ. മാക്സി | വാത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. ഡി. കെ. മുരളി | പാലോട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 6 | ശ്രീ. ആന്റണി ജോൺ | കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ സർക്കാർ കോളേജ് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. ടി. ബൽറാം | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. എസ്. ശബരീനാഥൻ | അരുവിക്കരയിൽ സർക്കാർ കോളേജ് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്

(2) 2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ റിപ്പോർട്ട്.

(3) സബ്ജക്ട് കമ്മിറ്റി V-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

<u>അനൗദ്യോഗികാംഗങ്ങളുടെ കാര്യം:</u>

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ.

(i) ശ്രീ. കെ. എസ്. ശബരീനാഥൻ 2017-മേയ് 19-ാം തീയതി അവതരിപ്പിച്ചിരുന്ന പ്രമേയത്തിന്മേലുള്ള ചർച്ച തുടർന്നു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. വി. ടി. ബൽറാം

ശ്രീ. എം. സ്വരാജ്

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ മറുപടി നൽകി. തുടർന്ന് ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു

(ii) ശ്രീ. മുരളി പെരുനെല്ലി താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു

"രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്ക് അനിവാര്യമായതിനാൽ പ്രാരംഭ ഘട്ടം മുതൽ തന്നെ പൊതുമേഖലയിൽ നിലനിർത്തിയ ഇൻഡ്യൻ റെയിൽവേ കേന്ദ്ര സർക്കാരിന്റെ പുതിയ നയത്തിന്റെ ഭാഗമായി ഘട്ടം ഘട്ടമായ സ്വകാര്യവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെ കാര്യം എടുത്താൽ 2008-ൽ പ്രഖ്യാപിച്ച പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി അതോടൊപ്പം പ്രഖ്യാപിച്ച റായ്ബറേലിയിലെ കോച്ച് ഫാക്ടറി പ്രവർത്തനം ആരംഭിച്ചിട്ടും തറക്കല്ലിൽ ഒതുങ്ങി നിൽക്കുന്നു. പാതയിരട്ടിപ്പിക്കലും വൈദ്യുതീകരണവും നിശ്ചലമെന്നുപറയാവുന്ന രീതിയിൽ ഇഴഞ്ഞുനീങ്ങുന്നു. പാലക്കാട് ഡിവിഷനെ വെട്ടിമുറിച്ചതു കൂടാതെ തിരുവനന്തപുരം ഡിവിഷനെയും വെട്ടിമുറിക്കാൻ നീക്കം നടത്തുന്നു. സർക്കാർ മുതൽമുടക്കിൽ നിന്ന് പിൻമാറിയശേഷം പൊതുമുതൽ സ്വകാര്യ മുതലാളിമാർക്കു ലഭ്യമാക്കാനായി വികസനത്തിനെന്ന വ്യാജേന റെയിൽവേ സ്റ്റേഷനുകളെ സ്വകാര്യവൽക്കരിക്കാൻ തീരുമാനം എടുത്തിരിക്കുന്നത് രാജ്യതാല്പര്യത്തിന് ഗുണകരമല്ല. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷനുകളായ കോഴിക്കോട് റെയിൽവേ സ്റ്റേഷനും എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനും സ്വകാര്യവൽക്കരിക്കാൻ എടുത്ത തീരുമാനത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്നും സംസ്ഥാനത്തിന്റെ പൊതു വികസനം സാധ്യമാക്കുന്നതിനായി എറണാകുളം ആസ്ഥാനമായി റെയിൽവേ സോൺ ആരംഭിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു".

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. സി. മമ്മൂട്ടി.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ മറുപടി നൽകി. തുടർന്ന് ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1214/2017(i)

(iii) ശ്രീ. അൻവർ സാദത്ത് താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു

"സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കെതിരെയുള്ള, പ്രത്യേകിച്ച് ആ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും, കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും, പീഡനങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. പോലീസ് സ്റ്റേഷനുകളിൽപോലും ഈ വിഭാഗങ്ങൾക്ക് നീതി ലഭിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട നിരവധി ആളുകൾക്കെതിരെ അതിക്രമങ്ങളുണ്ടാവുകയും, ദേശീയ പട്ടികജാതി കമ്മീഷൻ ഇതിൽ ഗൗരവമായി ഇടപെടുകയും ചെയ്തിട്ടുണ്ട്. അതിക്രമങ്ങൾ തടയുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഗൗരവമായ നടപടികൾ ഒന്നും ഉണ്ടാകുന്നില്ല എന്നതിൽ ഈ സഭ അതിയായ ഉത്കണ്ഠ രേഖപ്പെടുത്തുകയും അതിക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ മുഖം നോക്കാതെ സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു."

പ്രമേയത്തിന് ശ്രീ. എസ്. ശർമ്മ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ബി. സത്യൻ

ശ്രീമതി സി. കെ. ആശ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ മറുപടി നൽകി. തുടർന്ന് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച ഭേദഗതികളും ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച പ്രമേയവും സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(iv) ശ്രീമതി ഇ. എസ്. ബിജിമോൾ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

"അന്തരീക്ഷ ഊഷ്മാവ് 2°C മുതൽ 6°C വരെ പല സ്ഥലങ്ങളിലും വ്യതിയാനം സംഭവിച്ചിട്ടുണ്ട്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽപ്പോലും നമുക്ക് ജീവിക്കുവാൻ കഴിയാത്തവിധം അന്തരീക്ഷ ഊഷ്മാവിൽ വലിയ വ്യതിയാനം ഉണ്ടായിരിക്കുന്നു. ഓരോവർഷവും പുതിയ കാർഷിക കലണ്ടറിന് രൂപം കൊടുക്കേണ്ട സാഹചര്യവും

ഉണ്ടായിരിക്കുന്നു. നമ്മുടെ ജൈവവൈവിധ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇന്ന് നാം അനുഭവിക്കുന്നതൊക്കെയും കഴിഞ്ഞ തലമുറ നമുക്കു വേണ്ടി കരുതിവെച്ചിരുന്നതാണ്. വരുംതലമുറകൾക്കും പ്രകൃതിയുടെ അമൂല്യശേഖരം കൈമാറേണ്ടതുണ്ട്. ഓരോ വികസനവും ഉണ്ടാകുമ്പോൾ നമുക്ക് നഷ്ടമാകുന്നത് എന്ത് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. വായു, ജലം, മണ്ണ് ഇതിന്റെ പ്രാധാന്യവും മൂല്യവും പുതുതലമുറയെ പഠിപ്പിക്കേണ്ടതുണ്ട്. പാഠ്യതലങ്ങൾക്കപ്പുറം പ്രായോഗികതലങ്ങളിൽ പുതുതലമുറയെ അത് ബോധ്യപ്പെടുത്താൻ ഉതകുന്ന പ്രായോഗിക നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭാഗത്തു നിന്നുണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. സി. കെ. ശശീന്ദ്രൻ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രിക്കുവേണ്ടി റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ മറുപടി നൽകി. തുടർന്ന് ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു

2017 ആഗസ്റ്റ് 21-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.27-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Seventh Session

# BULLETIN—PART I

( Brief Record of Proceedings )

*Friday, August 18, 2017*

**No. 87**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Five questions in the list of questions posted for the day were answered orally.

*Calling Attention:*

Shri T. A. Ahammed Kabeer to call the attention of the Minister for Public Works and Registration to the necessity for Public Works Department to take over the important roads in the State which fulfill the criteria for public work roads but are possessed by District Panchayats. The Chief Minister made a statement thereto.

*The Matters raised under Rule 304 :*

The matters raised by Members in the House under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എം. സ്വരാജ് | തൃപ്പൂണിത്തുറയിലെ കുടിവെള്ള ക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. മുഹമ്മദ് മുഹസിൻ. പി. | പുലാമന്തോൾ-പട്ടാമ്പി റോഡ് പുനർനിർമ്മാണവും പുലാമന്തോൾപാലം ടോൾപിരിവ് നിർത്തലാക്കുന്നതും | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 3 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | നിലമ്പൂർ നഞ്ചൻകോട് റെയിൽപ്പാത | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

KNPP.1214/2017(ii).

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. കെ. ജെ. മാക്സി | വാത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. ഡി. കെ. മുരളി | പാലോട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 6 | ശ്രീ. ആന്റണി ജോൺ | കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ സർക്കാർ കോളേജ് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. ടി. ബൽറാം | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. എസ്. ശബരീനാഥൻ | അരുവിക്കരയിൽ സർക്കാർ കോളേജ് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Presentation of Reports:*

The following Reports were presented:

1. The Report of the Subject Committee- I on the Kerala Marine Fishing Regulation (Amendment) Bill, 2017.
2. The Report of the Subject Committee-V on the Kerala Maritime Board Bill, 2017.
3. The Periodical Report of the Subject Committee V for the year ended March 31, 2017.

*Private Members' Business:*

1. The Tenth Report of the Committee on Private Members' Bills and Resolutions was adopted.
2. Resolution on Matters of general public interest :
    (i) Discussion on the resolution by Shri K. S. Sabarinathan on May 19,2017 was resumed.

The following Members took part in the discussion:

Shri V. T. Balram

Shri M. Swaraj

Shri N. Samsudheen

Shri E. T. Taison Master

On behalf of Chief Minister, Shri E. Chandrasekharan, Minister for Revenue and Housing replied to the points raised in the discussion. Then the resolution moved by Shri K. S. Sabarinathan was withdrawn by the leave of the House.

(ii) Shri Murali Perunelli moved the following resolution and spoke:

"രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്ക് അനിവാര്യമായതിനാൽ പ്രാരംഭ ഘട്ടം മുതൽ തന്നെ പൊതുമേഖലയിൽ നിലനിർത്തിയ ഇൻഡ്യൻ റെയിൽവേ കേന്ദ്ര സർക്കാരിന്റെ പുതിയ നയത്തിന്റെ ഭാഗമായി ഘട്ടം ഘട്ടമായ സ്വകാര്യവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെ കാര്യം എടുത്താൽ 2008-ൽ പ്രഖ്യാപിച്ച പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി അതോടൊപ്പം പ്രഖ്യാപിച്ച റായ്ബറേലിയിലെ കോച്ച് ഫാക്ടറി പ്രവർത്തനം ആരംഭിച്ചിട്ടും തറക്കല്ലിൽ ഒതുങ്ങിനിൽക്കുന്നു. പാതയിരട്ടിപ്പിക്കലും വൈദ്യുതീകരണവും നിശ്ചലമെന്നുപറയാവുന്ന രീതിയിൽ ഇഴഞ്ഞു നീങ്ങുന്നു. പാലക്കാട് ഡിവിഷനെ വെട്ടിമുറിച്ചതു കൂടാതെ തിരുവനന്തപുരം ഡിവിഷനെയും വെട്ടിമുറിക്കാൻ നീക്കം നടത്തുന്നു. സർക്കാർ മുതൽമുടക്കിൽ നിന്ന് പിൻമാറിയശേഷം പൊതുമുതൽ സ്വകാര്യ മുതലാളിമാർക്കു ലഭ്യമാക്കാനായി വികസനത്തിനെന്ന വ്യാജേന റെയിൽവേ സ്റ്റേഷനുകളെ സ്വകാര്യവൽക്കരിക്കാൻ തീരുമാനം എടുത്തിരിക്കുന്നത് രാജ്യതാല്പര്യത്തിന് ഗുണകരമല്ല. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷനുകളായ കോഴിക്കോട് റെയിൽവേ സ്റ്റേഷനും എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനും സ്വകാര്യവൽക്കരിക്കാൻ എടുത്ത തീരുമാനത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്നും സംസ്ഥാനത്തിന്റെ പൊതു വികസനം സാധ്യമാക്കുന്നതിനായി എറണാകുളം ആസ്ഥാനമായി റെയിൽവേ സോൺ ആരംഭിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു."

The following Members took part in the discussion:

Shri John Fernandez

Shri Anwar Sadath

Shri R. Ramachandran

Shri C. Mammutty.

On behalf of Minister for Public Works and Registration, Shri E. Chandrasekharan, Minister for Revenue and Housing replied the points raised in the discussion. Then the resolution moved by Shri Murali Perunelli was withdrawn by the leave of the House.

(ii) Shri Anwar Sadath moved the following resolution and spoke:

"സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കെതിരെയുള്ള പ്രത്യേകിച്ച് ആ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും, കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും, പീഡനങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. പോലീസ് സ്റ്റേഷനുകളിൽപോലും ഈ വിഭാഗങ്ങൾക്ക് നീതി ലഭിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി പട്ടികവർഗവിഭാഗത്തിൽപ്പെട്ട നിരവധി ആളുകൾക്കെതിരെ അതിക്രമങ്ങളുണ്ടാവുകയും, ദേശീയ പട്ടികജാതി കമ്മീഷൻ ഇതിൽ ഗൗരവമായി ഇടപെടുകയും ചെയ്തിട്ടുണ്ട്. അതിക്രമങ്ങൾ തടയുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഗൗരവമായ നടപടികൾ ഒന്നും ഉണ്ടാകുന്നില്ല എന്നതിൽ ഈ സഭ അതിയായ ഉത്കണ്ഠ രേഖപ്പെടുത്തുകയും അതിക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ മുഖം നോക്കാതെ സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു."

Shri S. Sarma moved amendments to the resolution:

The following Members took part in the discussion:

Shri V. P. Sajeendran

Shri P. Ubaidulla

Shri B. Satyan

Smt. C. K. Asha.

On behalf of Minister for Welfare of Sheduled Castes, Sheduled Tribes and Backward Classes, Law, Culture and Parliamentary Affairs, Shri E. Chandrasekharan, Minister for Revenue and Housing replied to the points raised in the discussion. Then the amendments moved by Shri S. Sarma and the resolution moved by Shri Anwar Sadath was withdrawn by the leave of the House.

(iv) Smt.E.S.Bijimol moved the following resolution and spoke:

"അന്തരീക്ഷ ഊഷ്മാവ് $2^0$ C മുതൽ $6^0$ C വരെ പല സ്ഥലങ്ങളിലും വ്യതിയാനം സംഭവിച്ചിട്ടുണ്ട്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽപ്പോലും നമുക്ക് ജീവിക്കുവാൻ കഴിയാത്തവിധം അന്തരീക്ഷ ഊഷ്മാവിൽ വലിയ വ്യതിയാനം ഉണ്ടായിരിക്കുന്നു. ഓരോവർഷവും പുതിയ കാർഷിക കലണ്ടറിന് രൂപം കൊടുക്കേണ്ട സാഹചര്യവും ഉണ്ടായിരിക്കുന്നു. നമ്മുടെ ജൈവവൈവിധ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇന്നു നാം അനുഭവിക്കുന്നതൊക്കെയും കഴിഞ്ഞ തലമുറ നമുക്കുവേണ്ടി കരുതിവെച്ചിരുന്നതാണ്.

വരുംതലമുറകൾക്കും പ്രകൃതിയുടെ അമൂല്യശേഖരം കൈമാറേണ്ടതുണ്ട്. ഓരോ വികസനവും ഉണ്ടാകുമ്പോൾ നമുക്ക് നഷ്ടമാകുന്നത് എന്ത് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. വായു, ജലം, മണ്ണ് ഇതിന്റെ പ്രാധാന്യവും മൂല്യവും പുതുതലമുറയെ പഠിപ്പിക്കേണ്ടതുണ്ട്. പാഠ്യതലങ്ങൾക്കപ്പുറം പ്രായോഗികതലങ്ങളിൽ പുതുതലമുറയെ അത് ബോധ്യപ്പെടുത്താൻ ഉതകുന്ന പ്രായോഗിക നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

The following Members took part in the discussion:

Shri E. K. Vijayan

Shri K. M.Shaji

Shri C. K. Saseendran.

On behalf of the Chief Minister Shri E. Chandrasekharan, Minister for Revenue and Housing replied to the points raised in the discussion. Then the resolution moved by Smt. E. S. Bijimol was withdrawn by the leave of the House.

The House adjourned at 12.27 p.m. to meet again at 8.30 a.m. Monday August 21, 2017.

V. K. BABU PRAKASH,
*Secretary.*